# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2675** **12.02.2019 ലെ മറുപടി**

## ജലാശയങ്ങൾക്ക് സമീപമുള്ള കീടനാശിനി, രാസവള പ്രയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന വീര്യം കൂടിയ കീടനാശിനികളും രാസവളങ്ങളും സമീപത്തുള്ള ജലാശയങ്ങളിൽ കലർന്ന് അവയെ വിഷമയമാക്കുകയും പൊതുജനാരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുകയും ചെയ്യുന്ന വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഉണ്ട്;<br><br>ജലത്തിലുണ്ടാകുന്ന ഏതുതരം മലിനീകരണവും പൊതുജനാരോഗ്യത്തിനും, ജൈവ സമ്പത്തിനും ഭീഷണിയാണ്. ഇത് ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ നടത്തിവരുന്നുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വികസനം കാർഷികക്ഷേമവകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണം നടത്തുന്നത് ഉചിതമാകും.<br><br>ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബിൽ 2018 ന് കേരളനിയമസഭയുടെ അംഗീകാരം 21.06.2018-ന് ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ